ലീഗിന്റെ തുടക്കത്തിനു തിരിതെളിച്ചതും തറയിൽ പിതാവായിരുന്നു.

അചഞ്ചലമായ ആത്മവിശ്വാസം പിതാവിനു എന്നും മുതല്ക്കൂട്ടായി ഉണ്ടായിരുന്നു. ഏതു വിഷമംപിടിച്ച പ്രശ്നങ്ങളെയും സമചിത്തതയോടും ധീരതയോടുംകൂടി പിതാവു കൈകാര്യം ചെയ്തിരുന്നു. 'He was a man of vision and mission' എന്ന് പിതാവിനെ വളരെ അടുത്തറിയാവുന്ന ഡോ. മാത്യു പാറയ്ക്കൽ പറഞ്ഞതു ഇവിടെ ഓർമ്മിക്കേണ്ടതാണ്. ജനങ്ങളെ എന്നും അദ്ദേഹം സ്നേഹിച്ചിരുന്നു; ജനങ്ങൾ അദ്ദേഹത്തെയും. ഇതിന്റെ പ്രകടമായ തെളിവാണ് 1970-ൽ ആഡംബരപൂർവ്വം നടത്തിയ അദ്ദേഹത്തിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷങ്ങൾ. സഭയ്ക്കും രാജ്യത്തിനും അദ്ദേഹം ചെയ്തിട്ടുള്ള നിസ്തുല സേവനങ്ങളുടെ വെളിച്ചത്തിൽ 'തിരുസിംഹാസന സഹായി' എന്ന സ്ഥാനം നല്കി പോൾ ആറാമൻ പാപ്പാ ഇദ്ദേഹത്തെ ബഹുമാനിച്ചു.

1967 ഡിസംബർ ഒമ്പതാം തീയതി മാർ കുര്യാക്കോസ് കുന്നശ്ശേരിൽ തിരുമേനിയെ പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായമെത്രാനായി രൂപതയ്ക്കു ലഭിച്ചു. യോഗ്യനായ പിൻഗാമിയെ ലഭിച്ചതിൽ അദ്ദേഹത്തിനു സന്തോഷവും അഭിമാനവുമുണ്ടായി. 1974 മെയ് അഞ്ചാംതീയതി തിരുസിംഹാസനത്തിന്റെ അനുവാദത്തോടെ രൂപതാഭരണത്തിൽനിന്നും വിരമിച്ച പിതാവ് പ്രാർത്ഥനയിലും വിശ്രമത്തിലും നാളുകൾ ചെലവഴിച്ചു. 1975 ജൂലൈ 26-ാം തീയതി കാരിത്താസ് ചാപ്ലിൻസ് ക്വാർട്ടേഴ്സിൽ തന്റെ പ്രിയ മക്കളായ കാരിത്താസ് ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളോടൊപ്പം ജപമാല ചൊല്ലിക്കൊണ്ടിരിക്കേ, പിൻഗാമിയായ കുന്നശ്ശേരിപ്പിതാവിൽനിന്നും അന്ത്യകൂദാശകൾ സ്വീകരിച്ചു തറയിൽ തിരുമേനി സ്വച്ഛന്ദമൃത്യു വരിച്ചു. കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ നടന്ന സംസ്കാരച്ചടങ്ങുകളിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു.

മൺമറഞ്ഞെങ്കിലും തറയിൽപിതാവിന്റെ ആത്മചൈതന്യം ഇന്നും കോട്ടയം രൂപതയ്ക്കും ക്നാനായ സമുദായത്തിനും പ്രചോദനം നല്കുന്നുന്നെ കാര്യത്തിൽ സംശയമില്ല. 'സുഹൃത്തും ഗുരുവും വഴികാട്ടി' (Friend, Philosopher and Guide) യുമായിരുന്നു അദ്ദേഹം. ഹൃദയംനിറഞ്ഞ ഭക്തി, തെളിമയുള്ള ആത്മജ്ഞാനം, അചഞ്ചലമായ ധർമ്മബോധം - പിതാവിന്റെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്ന ഈ സ്വഭാവസവിശേഷതകൾ നമുക്കും സ്വന്തമാക്കാം.

**-റവ. ഫാ. ജോസ് പൂത്തൃക്കയിൽ**

# മാർ കുര്യാക്കോസ് കുന്നശ്ശേരി
## സഭയെയും സമുദായത്തെയും ഒരുപോലെ സ്നേഹിച്ച ക്രാന്തദർശി



സഭാസ്നേഹം ആത്മാവിൽ അഗ്നിയായും സമുദായസ്നേഹം മനസ്സിൽ വികാരമായും കൊണ്ടു നടക്കുന്ന കർമ്മയോഗിയാണ് മാർ കുര്യാക്കോസ് കുന്നശ്ശേരി. 1968 ഫെബ്രുവരി 24-ാം തീയതി തിരുഹൃദയക്കുന്നിൽ നടന്ന മെത്രാഭിഷേക ശുശ്രൂഷയിലെ കുർബ്ബാന മദ്ധ്യേ കുന്നശ്ശേരി പിതാവ് വിശ്വാസികളോടു പറഞ്ഞു: 'ഇപ്പോൾ അർപ്പിക്കപ്പെടുന്ന ദിവ്യബലിയോടു ചേർത്തു ദൈവജനത്തിനു വേണ്ടി എന്നെത്തന്നെ ഒരു ഹോമബലിയായി അർപ്പിക്കുകയാണ്.' ഈ വാക്കുകൾ ജീവിതമായി മാറുകയായിരുന്നു. കോട്ടയം രൂപതയെയും ക്നാനായ സമുദായത്തെയും മൂന്നാം സഹസ്രാബ്ദത്തിലേക്കു കൈപിടിച്ചു നടത്തിയ പിതാവിന്റെ ജീവിതം പുതിയ തലമുറയ്ക്കു പ്രചോദനമായി മാറുമെന്നതിൽ സംശയമില്ല.

കടുത്തുരുത്തിയിലുള്ള പുരാതന പ്രശസ്തമായ കുന്നശ്ശേരിൽ കുടുംബത്തിലെ ജോസഫ് അന്നമ്മ ദമ്പതികളുടെ മൂത്ത മകനായി 1928 സെപ്റ്റംബർ 11-നു ഇദ്ദേഹം ജനിച്ചു. കോട്ടയം ഇടയ്ക്കാട്ടു സ്കൂളിലും സി.എൻ.ഐ സ്കൂളിലും കടുത്തുരുത്തി സെന്റ് മൈക്കിൾസ് മിഡിൽ സ്കൂളിലും പ്രാഥമിക വിദ്യാഭ്യാസവും തിരുഹൃ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

ദയക്കുന്നു ഹൈസ്കൂളിൽ ഹൈസ്കൂൾ പഠനവും പൂർത്തിയാക്കിയ ശേഷം തിരുഹൃദയക്കുന്നിലുള്ള മൈനർസെമിനാരിയിൽ ചേർന്നു വൈദികപഠനം ആരംഭിച്ചു. തുടർന്നു ആലുവാ മംഗലപ്പുഴ സെമിനാരിയിലും റോമിലെ പ്രൊപ്പഗാന്താ കോളേജിലുമായി വൈദികപഠനം പൂർത്തിയാക്കി. 1955 ഡിസംബർ 21-ാം തീയതി കർദ്ദിനാൾ ക്ലമന്റ് മിക്കാറിയിൽനിന്നും വൈദികപട്ടം സ്വീകരിക്കുകയും പിറ്റെ ദിവസം സെന്റ് പീറ്റേഴ്സ് ബസിലിക്കയിലുള്ള വി. പത്താംപീയൂസിന്റെ അൾത്താരയിൽ പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു.

റോമിലെ ഊർബൻ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റും ലാറ്ററൻ യൂണിവേഴ്സിറ്റിയിൽനിന്നു കാനൻ നിയമത്തിൽ ഡോക്ടറേറ്റും (ജെ.യു.ഡി.) കരസ്ഥമാക്കി നാട്ടിൽ തിരിച്ചെത്തിയ ഫാദർ കുന്നശ്ശേരി തറയിൽപിതാവിന്റെ സെക്രട്ടറിയും രൂപതയുടെ ചാൻസലറുമായി നിയമിതനായി. രണ്ടു വർഷത്തിനുശേഷം അമേരിക്കയിലെ ബോസ്റ്റൺ കോളേജിൽനിന്നും രാഷ്ട്രമീമാംസയിൽ മാസ്റ്റർബിരുദം നേടി. ബി.സി.എം. കോളേജിൽ അദ്ധ്യാപകനായി നിയമിതനായ കുന്നശ്ശേരിലച്ചൻ അപ്നാദേശ് ദ്വൈവാരികയുടെ പത്രാധിപർ, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാപ്ലെൻ എന്നീ നിലകളിലും സേവനം ചെയ്തു. പിന്നീട് അദ്ദേഹം തിരുഹൃദയക്കുന്നു മൈനർ സെമിനാരിയുടെ റെക്ടറായി. ഈ ജോലി നിർവ്വഹിച്ചുവരവെയാണ് 1967 ഡിസംബർ ഒമ്പതാംതീയതി പോൾ ആറാമൻ മാർപാപ്പാ ഇദ്ദേഹത്തെ കേഫായുടെ സ്ഥാനികമെത്രാനായും കോട്ടയം രൂപതയുടെ പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായമെത്രാനായും നിയമിച്ചത്. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫക്ട് കാർഡിനൽ മാക്സ്മില്യൻ ഫുസ്റ്റൻബർഗിന്റെ പ്രധാന കാർമ്മികത്വത്തിൽ 1968 ഫെബ്രുവരി 24-ാം തീയതി തിരുഹൃദയക്കുന്നു സ്കൂൾ ഗ്രൗണ്ടിൽ വച്ചായിരുന്നു മെത്രാനഭിഷേകം. 1974 മെയ് അഞ്ചാംതീയതി തോമസ് തറയിൽ തിരുമേനി രൂപതാഭരണത്തിൽനിന്നും വിരമിച്ചതിനെത്തുടർന്നു മാർ കുന്നശ്ശേരി രൂപതാഭരണം ഏറ്റെടുത്തു.

ഏതാണ്ടു നാലു പതിറ്റാണ്ടു നീണ്ടുനിന്ന കുന്നശ്ശേരി തിരുമേനിയുടെ മേല്പട്ടശുശ്രൂഷ കോട്ടയം രൂപതയെ അസൂയാവഹമായ വളർച്ചയിലേക്കു നയിച്ചു. പിതാവിന്റെ പ്രവൃത്തിപഥങ്ങൾ വിലയിരുത്തുമ്പോൾ മഹിതമായ ആ വ്യക്തിത്വത്തിന്റെ സവിശേഷതകൾ കണ്ടെത്താൻ കഴിയും.

കോട്ടയം രൂപതയുടെ പ്രത്യേകതകൾ വസ്തുനിഷ്ഠമായി അപഗ്രഥിച്ചു ദിശാബോധത്തോടെ രൂപതയെ നയിച്ചു എന്നതു കുന്നശ്ശേരി പിതാവിനെക്കുറിച്ചു പ്രഥമവും പ്രധാനവുമായി സ്മരിക്കേണ്ട ചരിത്രവസ്തുതയാണ്. തെക്കുംഭാഗർക്കു മാത്രമായി സ്ഥാപിതമായ കോട്ടയം രൂപതയുടെ വളർച്ചയ്ക്കു കൂടുതൽ ഇടവകസമൂഹങ്ങൾ വേണമെന്ന തിരിച്ചറിവ് ഒരു ക്രാന്തദർശിയുടേതായിരുന്നു. സംഘടിത കുടിയേറ്റത്തിന്റെ ഭാഗമായല്ലാതെ മലബാറിന്റെ മറ്റു ഭാഗങ്ങളിലേക്കും ഹൈറേഞ്ചിലേക്കും കുടിയേറിയ സമുദായാംഗങ്ങളെ സമുദായത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരികയും സമുദായഗാത്രത്തിൽ നിലനിർത്തുകയും ചെയ്യുന്നതിനായി പലയിടങ്ങളിലും ഇടവകസമൂഹങ്ങൾ ആരംഭിച്ചതു കുന്നശ്ശേരിൽ പിതാവാണ്. മലബാറിലും ഹൈറേഞ്ചിലുമുള്ള ഇടവകകളിൽ പകുതിയിലധികവും ആരംഭിക്കുന്നതു പിതാവിന്റെ കാലത്താണ്. അന്യ സമുദായങ്ങളിൽ ലയിച്ചുചേർന്നു സമുദായത്തിൽ നിന്നും മാറിപ്പോകാൻ സാദ്ധ്യതയുണ്ടായിരുന്ന അനേക കുടുംബങ്ങളെ സ്വസമുദായത്തിൽ ഉറപ്പിച്ചു നിർത്താൻ കഴിഞ്ഞതിൽ ഈ ഇടയനു എന്നും അഭിമാനിക്കാം. ഇടവകകൾ വർധിച്ചതോടെ സമുദായത്തിന്റെ കെട്ടുറപ്പും ശക്തിയും വർദ്ധിച്ചു. കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററും അവിടെ ഒരു സഹായമെത്രാനും ഇന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ കുന്നശ്ശേരിപിതാവിന്റെ ദൂരക്കാഴ്ചയുമുണ്ട്. ഭാരതത്തിനു പുറത്തുള്ള സമുദായാംഗങ്ങളെ രൂപതയുടെ ചാലകശക്തിയായി നിലനിർത്തുകയെന്ന ലക്ഷ്യത്തോടെ ഷിക്കാഗോയിലേക്കു ഒരു വൈദികനെ അയച്ചതിലൂടെയാണ് ഡയസ്പോറ (Diaspora) എന്ന ഒരു ശുശ്രൂഷാമേഖല രൂപംകൊണ്ടതെന്ന ചരിത്രസത്യവും ആർക്കും അവഗണിക്കാനാവില്ല.

വിശ്വാസത്തിന്റെ അഗ്നിച്ചിറകുകളും സമുദായസ്നേഹത്തിന്റെ പെലിക്കൻ ഹൃദയവും പിതാവിന്റെ വ്യക്തിത്വത്തിൽ ശരിയായ അനുപാതത്തിൽ ലയിച്ചിരുന്നു. സഭാംഗത്വം നഷ്ടപ്പെടുത്തി സമുദായാംഗത്വം നിലനിർത്തുന്നതു ബുദ്ധിശൂന്യമാണെന്നു അദ്ദേഹം തിരിച്ചറിഞ്ഞു. ക്നാനായ സമുദായത്തിന്റെ സജീവമായ പൈതൃകവും പാരമ്പര്യവും സഭാവിശ്വാസത്തിലും സഭാസ്നേഹത്തിലും വളരുവാൻ സഹായിക്കണം എന്നതായിരുന്നു പിതാവിന്റെ ഉറച്ച കാഴ്ചപ്പാട്. ക്നാനായ സമുദായത്തിന്റെ തനിമയും പാരമ്പര്യങ്ങളും ഇളംതലമുറയ്ക്കു കൈമോശം വരാതിരിക്കാനായി ഹാദൂസ സ്ഥാപിക്കുകയും മാർഗംകളിക്കും പുരാതനപ്പാട്ടുകൾക്കും ജനഹൃദയങ്ങളിൽ ശാശ്വതപ്രതിഷ്ഠ നിലനിർത്തുകയും ചെയ്തു. 1970 കളിൽ ഇന്നുള്ള ശക്തമായ ക്നാനായതരംഗം ഉണ്ടായിരുന്നില്ല. ക്നാനായക്കാരെന്നു അഭിമാനത്തോടെ പറയാൻ പലരും മടിച്ചിരുന്നു. യുവജനങ്ങളിൽ സമുദായത്തോടു ഇന്നുള്ള ആവേശമുണ്ടായിരുന്നില്ലെന്നു മാത്രമല്ല നിസ്സംഗതയും ഉണ്ടായിരുന്നു. എന്നാൽ, മാർഗംകളി കലോത്സവങ്ങളിൽ ഉൾക്കൊള്ളിക്കുകയും 'തൊമ്മൻ കീനാൻ' നാടകത്തിനു രൂപം നല്കുകയും യുവജനസംഘടനകളും കൂടാരയോഗങ്ങളും പുരാതനപ്പാട്ടുകൾക്കു പ്രചാരം നല്കുകയും ചെയ്തതോടെ പുതിയ ഒരുണർവ്വു സമുദായാംഗങ്ങളിൽ ഉണ്ടായി. രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തിയ സമുദായ ബോധവല്ക്കരണക്ലാസ്സുകൾ ഒരു സൈദ്ധാന്തികാടിത്തറ സമുദായാംഗങ്ങൾക്കു നല്കുകയും ചെയ്തു. സമുദായത്തിന്റെ വേരുകൾ തേടി ഇറാക്കിലേക്കു നടത്തിയ പഠനയാത്രയും ഒരു അസാധാരണ ചരിത്രസംഭവമായിരുന്നു. ആചാരങ്ങളെ അനാചാരങ്ങളാക്കി മാറ്റാൻ പിതാവു ഒരിക്കലും അനുവദിച്ചിരുന്നില്ല. അർത്ഥം നഷ്ടപ്പെട്ട ചില പാരമ്പര്യങ്ങൾ ഉപേക്ഷിക്കുവാനും

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

ചൈതന്യം നഷ്ടപ്പെട്ടവയെ സംസ്കരിച്ചെടുക്കാനും എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ ആചാരങ്ങൾക്കു ഏകീഭാവം വരുത്തുവാനും പിതാവു ദത്തശ്രദ്ധനായിരുന്നു.

മെത്രാൻ വിശ്വാസസത്യങ്ങളുടെ സംരക്ഷകനും പ്രബോധകനുമാണെന്നുള്ള കുന്നശ്ശേരിൽ പിതാവിന്റെ ബോദ്ധ്യം തീക്ഷ്ണമായിരുന്നു. ഇടയലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സഭയോടൊത്തു ചിന്തിക്കുവാനും നിത്യസത്യങ്ങൾ പാലിക്കുവാനും പിതാവു നിരന്തരം നിർദ്ദേശിച്ചിരുന്നു. പൗരസ്ത്യാരാധനക്രമങ്ങളുടെ സംരക്ഷണകാര്യത്തിൽ ഉറച്ച നിലപാടുകളാണ് പിതാവു സ്വീകരിച്ചിരുന്നത്. സുറിയാനിഭാഷ പ്രചരിപ്പിക്കുവാൻ പിതാവു മുൻപോട്ടു ഇറങ്ങിയതിനുശേഷമാണ് പലരും ഇതിന്റെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിഞ്ഞത്.

വിശ്വാസസത്യങ്ങളുടെ സംരക്ഷണത്തിൽ കാർക്കശ്യം പുലർത്തിയിരുന്നെങ്കിലും പല കാര്യങ്ങളിലും കുന്നശ്ശേരിപിതാവു പുരോഗമനവാദിയും പ്രത്യുൽപ്പന്നമതിയുമായിരുന്നു. സ്വന്തമായ കാഴ്ചപ്പാടുള്ളതുകൊണ്ടാകണം, കാലത്തിന്റെ കാലൊച്ചകൾ കേട്ടുകൊണ്ടു പല തീരുമാനങ്ങളും എടുക്കുവാൻ പിതാവിനു കഴിഞ്ഞത്. വൈദികരുടെ ഔദ്യോഗികവസ്ത്രമായ ളോഹ ധരിക്കുന്നതിനെക്കുറിച്ച് അദ്ദേഹമെടുത്ത നിലപാട് ഇതിനു ഉത്തമോദാഹരണമാണ്. യാത്രാവേളകളിൽ സൗകര്യത്തെപ്രതി ളോഹ ധരിക്കുന്നത് നിർബന്ധമല്ലെന്നു ഔദ്യോഗിക കല്പന പുറപ്പെടുവിച്ച സീറോമലബാർസഭയിലെ ആദ്യത്തെ മെത്രാൻ കുന്നശ്ശേരിപ്പിതാവായിരുന്നു. ഡീക്കൻ മിനിസ്ട്രിയെക്കുറിച്ചും വിശുദ്ധ കുർബാന കൈയിൽ സ്വീകരിക്കുന്നതിനെക്കുറിച്ചുമെല്ലാം പിതാവെടുത്ത തീരുമാനങ്ങൾ നിലവിലിരുന്ന രീതികൾക്കനുസരിച്ചായിരുന്നില്ല.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പശ്ചാത്തലത്തിൽ രൂപംകൊണ്ട സഭാത്മകദർശനം അതിന്റെ എല്ലാ അർത്ഥത്തിലും പിതാവു ഉൾക്കൊണ്ടിരുന്നു. അല്മായർക്കു സഭയുടെ എല്ലാ തലങ്ങളിലും പിതാവു അർഹമായ സ്ഥാനം നല്കിയിരുന്നു. രൂപതയുടെ സാമ്പത്തിക ഭരണസമിതി ഉൾപ്പെടെ എല്ലാക്കാര്യങ്ങളിലും അല്മായരുടെ പ്രാതിനിധ്യം പിതാവു ഉറപ്പിച്ചിരുന്നുവെന്നതും ഏറെ ശ്രദ്ധേയമാണ്.

മാർ കുര്യാക്കോസ് കുന്നശ്ശേരി രൂപതാഭരണത്തിലൂടെ ക്നാനായസമുദായത്തിനു കൈമാറുന്ന പിതൃസ്വത്തു (legacy) എന്താണെന്ന ചോദ്യത്തിനു വ്യത്യസ്തങ്ങളായ ഉത്തരങ്ങൾ ഉണ്ടാകാം. ഒരുത്തരം മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു: കൂടുവിട്ടുപോയ കുഞ്ഞുങ്ങളെ ഒരു കുടക്കീഴിലാക്കുവാനും രൂപതാംഗങ്ങളിൽ ആഴമേറിയ സമുദായബോധവും സഭാസ്നേഹവും വളർത്തുവാനും കഴിഞ്ഞുവെന്നത്. മറ്റൊരു കാഴ്ചപ്പാടിലൂടെ നോക്കിയാൽ, പിതാവു ആരംഭിച്ച സ്ഥാപനങ്ങൾ പ്രാദേശികസഭയാകുന്ന ഈ വധുവിനെ സർവ്വാഭരണവിഭൂഷിതയായി അണിയിച്ചൊരുക്കിയെന്നത് കാലാതിവർത്തിയായി നിലനില്ക്കുന്ന ചരിത്രസത്യമായിരിക്കും. മുൻഗാമികൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം അതിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടു നവീകരിക്കുവാനും വളർത്തുവാനും പിതാവു ശ്രദ്ധിച്ചിരുന്നു. ഒപ്പം രൂപതയുടെ അജപാലനപ്രവർത്തനങ്ങൾ സമന്വയിപ്പിക്കുവാൻ പിതാവു ആരംഭിച്ച ചൈതന്യ പാസ്റ്ററൽ സെന്ററും ആത്മീയ നവീകരണത്തിനായി തുടങ്ങിയ തൂവാനീസ പ്രാർത്ഥനാലയവും കേരളത്തിൽത്തന്നെ ആദ്യമായി ആരംഭിച്ച സംരംഭങ്ങളായിരുന്നു. തലയുയർത്തിനില്ക്കുന്ന കാരിത്താസ് ആശുപത്രി പിതാവിന്റെ ഭരണനേട്ടങ്ങളിലെ പൊൻതൂവലാണ്. രാജപുരം സെന്റ് പയസ് ടെൻത് കോളേജും മടമ്പം പി.കെ.എം. കോളേജും ശ്രീപുരം സ്കൂളും മറ്റു അൺഎയ്ഡഡ് സ്കൂളുകളും എയ്ഡഡ് മേഖലകളിലാരംഭിച്ച വിവിധ ഹയർസെക്കൻഡറി സ്കൂളുകളും കാരിത്താസ് നേഴ്സിംഗ് കോളേജുൾപ്പെടെയുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയെക്കുറിച്ചുള്ള പിതാവിന്റെ ഉന്നതദർശനത്തിന്റെ അടയാളങ്ങളാണ്. വികലാംഗരെയും മന്ദബുദ്ധികളെയും സംരക്ഷിക്കുന്നതിനായി തുടങ്ങിയ സ്ഥാപനങ്ങളും ജീവിതസായാഹ്നത്തിൽ ഒറ്റപ്പെടലും അനാഥത്വവുമായി കഴിയുന്നവർക്കായി ആരംഭിച്ച വൃദ്ധമന്ദിരങ്ങളും ദൈവവിളി വർധിപ്പിക്കുവാനും മിഷനറി പ്രവർത്തനങ്ങൾ ഉണർവ്വുള്ളതാക്കുവാനുമായി തുടങ്ങിയ വി. പത്താം പീയൂസിന്റെ മിഷനറി സൊസൈറ്റിയും വല്ലംബ്രോസിയൻ ബനഡിക്റ്റൈൻ സഭയും വി. ജോൺ ഗിൽബർട്ടിന്റെ കുഞ്ഞുമക്കളുടെ സമൂഹവുമെല്ലാം കുന്നശ്ശേരി തിരുമേനിയുടെ ക്രാന്തദർശിത്വത്തിന്റെ മകുടോദാഹരണങ്ങളാണ്.

മികച്ച ഭരണാധികാരിയെന്ന നിലയിൽ പിതാവിന്റെ ശുഭാപ്തിവിശ്വാസവും ആത്മവിശ്വാസവും ആരെയും അത്ഭുതപ്പെടുത്തും. ഏതു പ്രസ്ഥാനം ആരംഭിച്ചപ്പോഴും അനേകവർഷം മുമ്പിൽ കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പല സന്ദർഭങ്ങളിലും വിമർശനങ്ങളും എതിർപ്പുകളും ഉണ്ടായി. പക്ഷേ, നിരാശ നിഴൽ വീഴ്ത്താത്ത മനസ്സുമായി അദ്ദേഹം നടന്നുനീങ്ങി. അതിനാൽത്തന്നെ അനേക പ്രസ്ഥാനങ്ങൾക്കു അഗ്രഗാമിയായി (Pioneer) വർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

നലം തികഞ്ഞ അജപാലകനായിരുന്നു കുന്നശ്ശേരിൽ പിതാവ്; ആടുകളുടെ സ്വരം തിരിച്ചറിയുന്ന നല്ല ഇടയൻ. പിതാവിന്റെ ഓർമശക്തി അപാരമായിരുന്നു. കോട്ടയം രൂപതയിലുള്ള ഒരാളെ എവിടെവച്ചു കണ്ടാലും അയാളുടെ കുടുംബവുമായി ബന്ധപ്പെട്ട എന്തെങ്കിലും പിതാവിനു പറയാനുണ്ടാകും. രൂപതയിലെ ഏതാണ്ടു എണ്ണായിരത്തോളം വീടുകൾ പിതാവു കയറിയിറങ്ങി. കേരളസഭ മുഴുവൻ ശ്രദ്ധിച്ച സംഭവമായിരുന്നു അത്. ആർദ്രത നിറഞ്ഞ ആ പിതൃഹൃദയത്തിലെ മസൃണഭാവങ്ങൾക്കു മാതൃഹൃദയത്തിന്റെ അലിവു കൂടിയുണ്ടായിരുന്നു. ദിവംഗതനായ പടിയറപ്പിതാവു രൂപതയോടുള്ള മാതൃസഹജമായ സ്നേഹം (maternal attitude towards the diocese) എന്നാണു ഈ മനോഭാവത്തെ വിശേഷിപ്പിച്ചത്. രൂപതയിലുള്ള ആളുകൾക്കു എന്തു ചെയ്യുവാൻ കഴിയും എന്ന ചിന്ത കുന്നശ്ശേരിപ്പിതാവിനെ എപ്പോഴും

സ്വാധീനിച്ചിരുന്നു. ആര് എന്താവശ്യവുമായി വന്നാലും സാദ്ധ്യമായ വിധത്തിലെല്ലാം സഹായിക്കുവാനുള്ള മനസ്സിന്റെ വിശാലത പിതാവിനുണ്ട്. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ പിതാവിനെ പ്രേരിപ്പിച്ചതു ഈ കാരുണ്യമാണ്.

ഒരു നയതന്ത്രജ്ഞനെന്ന നിലയിൽ കുന്നശ്ശേരിപ്പിതാവിനുള്ള കഴിവ് എല്ലാവരും തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. സീറോമലബാർ സഭയിൽ പ്രതിസന്ധികളുണ്ടായ ഘട്ടങ്ങളിലെല്ലാം ഒരു മദ്ധ്യവർത്തിയായി നിന്നുകൊണ്ട് ഉചിതമായ തീരുമാനങ്ങളിലെത്താൻ ഔദ്യോഗികമായും അനൗദ്യോഗികമായും കുന്നശ്ശേരിപ്പിതാവു വഹിച്ച പങ്ക് അതുമായി ബന്ധപ്പെട്ടിട്ടുള്ളവർ ഒരിക്കലും മറക്കുകയില്ല. ബിഷപ്പുമാരുടെ ഇടയിലെ പാലം പണിക്കാരൻ എന്നാണ് പടിയറപ്പിതാവു കുന്നശ്ശേരിപ്പിതാവിനെ വിശേഷിപ്പിച്ചത്. പൗരസ്ത്യാരാധന ക്രമത്തെക്കുറിച്ചു ചേരിതിരിവുണ്ടായപ്പോൾ ഒരു ഗ്രൂപ്പിനാലും അമിതമായി സ്വാധീനിക്കപ്പെടാതെ സന്തുലിതമായ നിലപാടുകളാണ് അദ്ദേഹം കൈക്കൊണ്ടിരുന്നത്. പിതാവിന്റെ നിർദ്ദേശങ്ങളും വിലയിരുത്തലുകളും സത്യസന്ധമായ റിപ്പോർട്ട് തയ്യാറാക്കുവാൻ പൊന്തിഫിക്കൽ കമ്മീഷനെപ്പോലും സഹായിച്ചിട്ടുണ്ടെന്നതു അധികം പേർക്കും അറിയാത്ത വസ്തുതയാണ്.

സഭാതലത്തിൽ അനേകം ഉയർന്ന പദവികൾ പിതാവു വഹിച്ചിട്ടുണ്ട്. എസ്.എം.ബി.സി. വൈസ് പ്രസിഡന്റ്, സെക്രട്ടറി, ലിറ്റർജിക്കൽ കമ്മിറ്റിയംഗം, കെ.സി.ബി.സി എക്യുമെനിക്കൽ കമ്മീഷൻ ചെയർമാൻ, ആലുവ പൊന്തിഫിക്കൽ സെമിനാരിയുടെയും വടവാതൂർ സെമിനാരിയുടെയും ബിഷപ്സ് കമ്മീഷൻ ചെയർമാൻ, സി.ബി.സി.ഐ. എക്യുമെനിക്കൽ കമ്മീഷൻ ചെയർമാൻ, റോമിൽ നടന്ന അല്മായരെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിൽ സി.ബി.സി.ഐയുടെ പ്രതിനിധി, പൗരസ്ത്യ കാനൻ നിയമപരിഷ്കരണത്തിന്റെ പൊന്തിഫിക്കൽ കമ്മീഷനംഗം, നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ട്രസ്റ്റി, ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിന്റെ ഡയറക്ടർ ബോർഡംഗം, ഓർത്തഡോക്സ് -യാക്കോബായ സഭകളുമായി അനുരഞ്ജനചർച്ചകൾക്കായി റോമിൽനിന്നും നിയമിതമായ കമ്മറ്റിയംഗം, സീറോമലബാർ സഭയുടെ പ്രഥമ സ്ഥിരംസിനഡ് അംഗം.... ഇങ്ങനെ നിരവധിയാണ് കുന്നശ്ശേരിപ്പിതാവിനു ലഭിച്ച അംഗീകാരങ്ങൾ. അഗാധമായ പാണ്ഡിത്യത്തിനും 'സത്യത്തിലും സ്നേഹത്തിലും' (in veritate et caritate) അധിഷ്ഠിതമായ ജീവിതവിശുദ്ധിക്കും ലഭിച്ച അംഗീകാരം കൂടിയായിരുന്നു ഇവ.

പിതാവിന്റെ ആതിഥ്യമര്യാദ അനേകരെ ആകർഷിച്ചിട്ടുണ്ട്. ഒരിക്കലെങ്കിലും കോട്ടയം അരമനയിൽ എത്തിയിട്ടുള്ള അതിഥികളാരും ഇതു നിഷേധിക്കുമെന്നു തോന്നുന്നില്ല. അധികാരികളെ അനുസരിക്കുകയും മറ്റുള്ളവരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന രീതി പരിശീലനകാലത്തും പിതാവിലുണ്ടായിരുന്നുവെന്നു സതീർത്ഥ്യർ പറയാറുണ്ട്. പിതാവിന്റെ വിശാലമായ സുഹൃദ്ബന്ധങ്ങളുടെ രഹസ്യവും ഇതാണ്.

പ്രാർത്ഥനയിലൂടെ പ്രവർത്തനങ്ങൾക്കു ശക്തി നിറച്ചുകൊണ്ടാണ് പിതാവ് പ്രവർത്തന മണ്ഡലങ്ങളിൽ ഇറങ്ങുന്നത്. പ്രഭാതത്തിൽ വളരെ നേരത്തേ ഉണർന്നു സ്വകാര്യചാപ്പലിലെ ഏകാന്തതയിൽ ധ്യാനത്തിൽ മുഴുകുന്ന പിതാവിനെ അധികമാർക്കും പരിചയമില്ല. യാമപ്രാർത്ഥനകളും ജപമാലയുമൊന്നും ഒരിക്കലും അദ്ദേഹം മുടക്കുകയില്ല. അനേകമണിക്കൂറുകൾ പ്രാർത്ഥിച്ചതിനുശേഷം മാത്രമാണ് പ്രധാനപ്പെട്ട കാര്യങ്ങളിലെല്ലാം പിതാവു തീരുമാനമെടുത്തിരുന്നത്.

സംഘാടകനെന്ന നിലയിൽ കുന്നശ്ശേരിപ്പിതാവിന്റെ കഴിവിനെ എല്ലാ മണ്ഡലങ്ങളിലുമുള്ളവർ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. മികച്ച സംഘാടകർ വേഗത്തിൽ ഓടുന്നവരും ദൂരക്കാഴ്ചയുള്ളവരും പെർഫക്ഷണിസ്റ്റുകളുമായിരിക്കും. ഒരു കാര്യം തീരുമാനിച്ചാൽ ഒട്ടും വൈകാതെ അതു നടപ്പിലാക്കുവാൻ പിതാവു മുന്നോട്ടിറങ്ങും. അതു നടപ്പിലാകുന്നതുവരെ പിതാവിന്റെ മനസ്സു അസ്വസ്ഥമായിരിക്കും. സമയനിഷ്ഠ കൃത്യമായി പാലിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഏറ്റവും കൊച്ചു കാര്യങ്ങളിൽപ്പോലും അദ്ദേഹം ജാഗ്രത പുലർത്തിയിരുന്നു. കോട്ടയം രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളും ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ കോട്ടയം സന്ദർശനവും വൻവിജയമാക്കിയതു പിതാവിന്റെ സംഘാടകമികവിനു ഉത്തമ തെളിവുകളാണ്.

2005 മെയ് ഒമ്പതാം തീയതി കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി മാർ കുര്യാക്കോസ് കുന്നശ്ശേരി നിയമിതനായപ്പോൾ അതു അർഹമായ അംഗീകാരമായി സഭാതനയർ – അധികാരികളും അധീനരും – വിലയിരുത്തി. 2005 ജൂൺ മൂന്നിനായിരുന്നു സ്ഥാനാരോഹണം. 2006 ജനുവരി 14-ാം തീയതി മേല്പട്ടശുശ്രൂഷയിൽനിന്നും വിരമിക്കുവാനുള്ള പിതാവിന്റെ അപേക്ഷയ്ക്കു സഭാധികാരികൾ ഔദ്യോഗികാംഗീകാരം നല്കി.

ഇപ്പോൾ പിതാവു വിയാനിഹോമിൽ വിശ്രമജീവിതത്തിലാണ്. എല്ലാവരെയും ഹാർദ്ദമായി സ്വീകരിക്കുന്ന ആ മുഖം മുമ്പെന്നത്തെക്കാൾ ശാന്തം. ജീവിതത്തിന്റെ അങ്ങേയറ്റം വരെ കണ്ട യോഗിയുടെ നിർമ്മമത (Detachment) പിതൃവാത്സല്യം വഴിയുന്ന ആ കൺകോണുകളിൽ തുടിക്കുന്നു. പ്രതിസന്ധികളിലും നിരാശയുടെ നിഴലുകളില്ലാത്ത പ്രസന്നത അവിടെ ചെല്ലുന്നവർക്കെല്ലാം ആനന്ദമായി നിറയുന്നു. ആട്ടിൻകൂട്ടത്തെ ആലയിലെത്തിച്ചശേഷം വൃക്ഷത്തണലിലിരുന്നു വിശ്രമിക്കുന്ന ഇടയന്റെ ഭാവം സൂര്യതേജസ്സായി തിളങ്ങുന്നു. ജീവിതം അർത്ഥപൂർണമായി ബലിയിട്ടതിന്റെ തൃപ്തി പിതാവിനു അവകാശപ്പെട്ടതാണല്ലോ.

അതിരൂപത ശതാബ്ദി കൊണ്ടാടുമ്പോൾ ക്നാനായമക്കൾ ആ പാദങ്ങൾ തൊട്ടു ആദരവോടെ പ്രണമിക്കുന്നു.

**-റവ. ഫാ. ജോസ് പുത്തൃക്കയിൽ**

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ